ഭൂമി പോക്കുവരവുമായി ബന്ധപ്പെട്ട ഉത്തരവുകൾ

67(2681) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള ഉത്തരവുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ ഭാഗികമായി പാസ്സാക്കുന്ന പോക്കുവരവിന്മേൽ താലൂക്ക് ഓഫീസർ തുടർ നടപടി സ്വീകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമി പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ ചുവടെ പറയുന്നവയാണ്:

1. 14-9-1966-ലെ സ.ഉ.(പി) നമ്പർ 490/66/റവന്യൂ.
2. 17-1-1992-ലെ സ.ഉ. (എംഎസ്.) നമ്പർ 19/92/റവന്യൂ.
3. 16-12-2005-ലെ സ.ഉ. (എംഎസ്.) നമ്പർ 391/05/റവന്യൂ.
4. 16-10-2008-ലെ സ.ഉ. (എംഎസ്.) നമ്പർ 344/08/റവന്യൂ.
5. 13-9-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 389/10/റവന്യൂ.
6. 2-7-2011-ലെ 2589/ഇ 3/2010/റവന്യൂ നമ്പർ സർക്കുലർ
7. 21-1-2015-ലെ 19561/ഇ 3/2014/റവന്യൂ നമ്പർ സർക്കുലർ
8. 13-4-2012-ലെ സ.ഉ.(സാധാ) നമ്പർ 2214/12/റവന്യൂ
9. 22-11-2011-ലെ സ.ഉ.(എം.എസ്) നമ്പർ 426/11/റവന്യൂ.

(ബി) 16-10-2008-ലെ സ. ഉ. (എംഎസ്.) നമ്പർ 344/2008/റവന്യൂ പ്രകാരമാണ് വില്ലേജ് ഓഫീസർമാർ ഭാഗികമായി പാസ്സാക്കുന്ന പോക്കുവരവിന്മേൽ താലൂക്ക് ഓഫീസർമാർ തുടർ നടപടി സ്വീകരിക്കുന്നത്.

മിച്ചഭൂമി വിതരണം

68 (2682) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിയായി കണ്ടെത്തിയ എത്ര ഏക്കർ ഭൂമിയാണ് സംസ്ഥാനത്തുള്ളത്; ജില്ലതിരിച്ച് വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ വന്നതിന് ശേഷം എത്ര ഏക്കർ മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്, എത്ര പേർക്ക്, ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര ഏക്കർ മിച്ചഭൂമിയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്, ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

റദ്ദ് ചെയ്ത പോക്കുവരവുകൾ

69 (2683) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-നുശേഷം സംസ്ഥാനത്ത് തെറ്റായ എത്ര പോക്കുവരവുകൾ റദ്ദ് ചെയ്തിട്ടുണ്ട്, ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ റദ്ദ് ചെയ്യപ്പെട്ട പോക്കുവരവുകളുടെ വിശദാംശം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) തെറ്റായ പോക്കുവരവുകൾ ഉണ്ടാകാതിരിക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനം

70(2684) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത വകയിൽ ആർക്കൊക്കെ ഭൂമിയുടെ വില കൊടുക്കുവാനുണ്ടെന്നും, ആയത് എന്നത്തേക്ക് നല്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി ഏറ്റെടുത്ത വകയിൽ ആർക്കും തന്നെ നഷ്ടപരിഹാരം നൽകുവാൻ അവശേഷിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly